**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **07-06-2021 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ ആൻസലൻ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 36 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് മൂലം സബ്സിഡി ദുരുപയോഗം പൂർണ്ണമായും തടയുന്നതിന് സാധിച്ചു. കേന്ദ്ര ഗവൺമെൻറിന്റെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് ചെറുപയർ, ഉഴുന്ന് ഉൾപ്പെടെ, കടല, ഉഴുന്ന് തുടങ്ങിയ അവശ്യ ഭക്ഷ്യ സാധനങ്ങൾ വളരെ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും കൂടാതെ, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് |

സാധനങ്ങൾ സംഭരിച്ച് വിപണിയിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 2021-22 വർഷത്തിൽ 100 വിൽപ്പനശാലകൾ നവീകരിക്കുന്നതിലേക്ക് പദ്ധതി ഇനത്തിൽ 10 (പത്ത്) കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ വിപണത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക്, നിശ്ചിത മാർജിൻ പങ്കുവെച്ച് ശബരി ഉൽപ്പന്നങ്ങളുടെ വിതരണക്കാരാകുവാനുള്ള പദ്ധതിയും നിലവിലുണ്ട്. അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിങ് സെൽ രൂപീകരിച്ച് പ്രവർത്തനം തുടർന്ന് വരുന്നു. ഉത്സവകാലങ്ങളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചും വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ച് ചേർത്ത് വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡ് വ്യാപനം കൂടിയ പശ്ചാത്തലത്തിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ കുടുംബശ്രീ, ഹോർട്ടികോർപ്, മത്സ്യഫെഡ് എന്നിവരുമായി ചേർന്ന് 107 ഔട് ലെറ്റുകളിൽ (കുറഞ്ഞത് ഒരു താലൂക്കിൽ) ഹോം ഡെലിവറി നടത്തുന്നു. പൾസ് ഓക്സിമീറ്റർ, മാസ്ക്, സാനിറ്റൈസർ, PPE കിറ്റ് തുടങ്ങി 12 ഇനങ്ങൾ ആവശ്യവസ്തുക്കളായി പ്രഖ്യാപിച്ച് വില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് പരിശോധന ഊർജിതമാക്കി നിരീക്ഷിച്ചുവരുന്നു. 22 അവശ്യ സാധനങ്ങളുടെ വില, സംസ്ഥാനത്തെ പൊതുവിപണിയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ നൽകി അവിടെ നിന്നും വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുന്നു. വില ശരാശരിയിൽ നിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. പയറുവർഗ്ഗങ്ങളുടെ സ്റ്റോക്ക് ഡിക്ലയർ ചെയ്യുന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ച പോർട്ടലിലൂടെ നിരീക്ഷിക്കുന്നുണ്ട്. കോവിഡ്-19 ന്റെ

| | | | |
|---|---|---|---|
| | | | പശ്ചാത്തലത്തിൽ പൊതുവിപണിയിലുണ്ടായ വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാ തലത്തിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട സംയുക്ത സ്ക്വാഡ്, റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നു. പൊതു മാർക്കറ്റിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതും, അമിത വില ഈടാക്കുന്നതുമായ വ്യാപാരികൾക്കെതിരെ ലീഗൽ മെട്രോളജി വകുപ്പും പരിശോധനകൾ കർശനമാക്കി ശിക്ഷാനടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ നിലവിൽ വന്നതോട് കൂടി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ഒരുക്കുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും RTO, സപ്ലൈകോ, ഹോർട്ടികോർപ്, ഹോൾസെയിൽ ഡീലർമാർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. നഗര/അർദ്ധ നഗര മേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമപ്രദേശത്ത് ഉൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതുമാർക്കറ്റിനേക്കാൾ വിലകുറച്ച് നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും കൺസ്യൂമർഫെഡ് വില്പന നടത്തുന്നുണ്ട്. അതോടൊപ്പം ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടു കൂടി പ്രാഥമിക സഹരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇന നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപ്പന നടത്തുന്നതുമാണ്. |
| (ബി) | കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങളുടെ വിഹിതം വെട്ടിക്കുറച്ചപ്പോഴും സാധാരണ ജനങ്ങളെ അത് ബാധിക്കാതിരിക്കാൻ കഴിഞ്ഞ സർക്കാർ കൺസ്യൂമർഫെഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയും സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡും വഴി നടപ്പാക്കിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഉള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഹോം ക്വാറന്റൈനിലുള്ളവർക്ക് അവശ്യസാധനങ്ങളും മരുന്നും ഓൺലൈനിൽ വീട്ടിലെത്തിക്കുന്നതിന് കൺസ്യൂമർഫെഡ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ഹോം ക്വാറന്റൈനിലുള്ളവർ വാട്സാപ്പ് മുഖേനയും ഫോൺ മുഖേനയും ത്രിവേണി യൂണിറ്റുകളുടെ ചുമതലക്കാർക്ക് നൽകുന്ന അവശ്യസാധനങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് 24 മണിക്കൂറിനകം പ്രത്യേക സർവീസ് ചാർജില്ലാതെ വീടുകളിൽ എത്തിച്ച് നൽകുന്നുണ്ട്. അതോടൊപ്പം മൊബൈൽ ത്രിവേണികൾ ഉപയോഗിച്ച് ഹോം ക്വാറന്റൈനിൽ താമസിക്കുന്നവരുടെ വീടുകളിൽ സാധനങ്ങൾ എത്തിച്ച് വരുന്നുമുണ്ട്. ഇവയ്ക്ക് പുറമെ കോഴിക്കോട് കേന്ദ്രീകരിച്ച് കൺസ്യൂമർഫെഡിന്റെ ഓൺലൈൻ സൈറ്റിൽ ആവശ്യമായ സാധനങ്ങൾ ബുക്ക് ചെയ്യുന്നവർക്ക് 24 മണിക്കൂറിനകം ചെറിയ തോതിലുള്ള ഡെലിവെറി ചാർജ് സ്വീകരിച്ച് കൊണ്ട് സാധനങ്ങൾ എത്തിച്ച് നൽകുന്നുമുണ്ട്. ഓൺലൈൻ വ്യാപാരം മറ്റുള്ള ജില്ലകളിലും നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതുപോലെ ഹോം ക്വാറന്റൈനിലുള്ളവർക്ക് ആവശ്യമായ മരുന്നുകൾ ടെലിഫോൺ മുഖാന്തിരം ഓർഡർ ലഭിക്കുന്ന മുറയ്ക്ക് അതാത് മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ വീടുകളിൽ എത്തിച്ച് നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ